# വാഴക്കാട് ഗ്രാമപഞ്ചായത്ത്




# വാർഷിക ബജറ്റ്

## 2026 - 27

VAZHAKKAD GRAMA PANCHAYAT BUDGET 2026-27



# ആമുഖം

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളുടെ പുരോഗതിയിലാണ് രാജ്യത്തിന്റെ യഥാർത്ഥ പുരോഗതി കുടികൊള്ളുന്നത്" എന്ന മഹാത്മാഗാന്ധിയുടെ വിശ്വോത്തര ദർശനം, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സാങ്കേതിക വിദ്യയുമായി കോർത്തിണക്കിപുനർനിർവ്വചിക്കേണ്ടസന്ദർഭമാണിത്.1992-ലെ73-ാംഭരണഘടനാ ഭേദഗതിയിലൂടെ നമുക്ക് കൈവന്ന അധികാര വികേന്ദ്രീകരണത്തിന്റെ കരുത്ത് ഉൾക്കൊണ്ടുകൊണ്ട്, വാഴക്കാട് ഗ്രാമപഞ്ചായത്തിൽ പുതുതായി അധികാരമേറ്റ ഈ ഭരണസമിതിയുടെ കന്നി ബജറ്റാണിത്.

ഈ ബജറ്റ് രേഖ കേവലം അക്കങ്ങൾ നിരത്തിയ ഒരു വരവ്-ചെലവ് കണക്കുപുസ്തകമല്ല; മറിച്ച്, നമ്മുടെ വരുംതലമുറയ്ക്കായി നാം കരുതിവെക്കുന്ന വികസനത്തിന്റെ കൃത്യമായ ദിശാസൂചികയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടുകൾ ഓരോ വർഷവും കുറഞ്ഞുവരുന്നത് വികസന പ്രവർത്തനങ്ങൾക്ക് വലിയ വെല്ലുവിളിയുയർത്തുന്നുണ്ട്. എന്നാൽ, ഈ പരിമിതികളെ അതിജീവിച്ച് പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ ശാസ്ത്രീയമായി വർദ്ധിപ്പിക്കാനും, ജനകീയ പങ്കാളിത്തം ഉറപ്പാക്കി നാടിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്താനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

പാരമ്പര്യവും ആധുനികതയും കൈകോർക്കുന്ന ഒരു നവ വികസന മാതൃകയാണ് നാം വിഭാവനം ചെയ്യുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും സാധ്യതകൾ ഭരണനിർവ്വഹണത്തിലും ജനസേവനത്തിലും കൃഷിയിലുംസമർത്ഥമായിഉപയോഗപ്പെടുത്തിക്കൊണ്ട്വാഴക്കാടിനെകേരളത്തിലെ തന്നെ മുൻനിരയിലുള്ള ഒരു 'സ്മാർട്ട് വില്ലേജ്' ആക്കി മാറ്റുക എന്നതാണ് ഈ പുതിയ ഭരണസമിതിയുടെ സുപ്രധാന ലക്ഷ്യം. ഈ സ്വപ്നത്തിലേക്കുള്ള ചുവടുവെപ്പാണ് ഈ ബജറ്റിലൂടെ ഞങ്ങൾ വിഭാവനം ചെയ്യുന്നത്.

മാറുന്ന ലോകത്തിന്റെ ഗതിവേഗത്തിനൊപ്പം നമ്മുടെ ഗ്രാമത്തെയും ചലിപ്പിക്കാൻ അത്യാധുനിക സാങ്കേതിക വിദ്യകളെ നാം കൂട്ടുപിടിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡിജിറ്റൽ സംവിധാനങ്ങളും നമ്മുടെ വിദ്യാഭ്യാസ മേഖലയെ അടിമുടി പരിഷ്കരിക്കും. ക്ലാസ് മുറികൾ ഡിജിറ്റലായി മാറുന്നതിനൊപ്പം തന്നെ മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ള മുഴുവൻ ജനതയെയും ഡിജിറ്റൽ

സാക്ഷരതയുള്ളവരാക്കി മാറ്റി ഓൺലൈൻ ചതിക്കുഴികളിൽ നിന്നും അവരെ സംരക്ഷിക്കാൻ നാം പദ്ധതിയിടുന്നു. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കായി ആധുനികമായ തൊഴിലിടങ്ങൾ ഒരുക്കുന്നതിലൂടെ വാഴക്കാടിന്റെ യുവത്വത്തിന് നാടിന്റെ വികസനത്തിൽ നേരിട്ട് പങ്കാളികളാകാൻ സാധിക്കും.

പ്രകൃതിരമണീയമായ ചാലിയാർ തീരവും മലനിരകളും നമ്മുടെ പഞ്ചായത്തിന്റെ വലിയ സാമ്പത്തിക സ്രോതസ്സുകളാണ്. ഇവയെ കോർത്തിണക്കി പരിസ്ഥിതി സൗഹൃദമായ ടൂറിസം പദ്ധതികളും, കാർഷിക പാരമ്പര്യത്തെ ടൂറിസവുമായി ബന്ധിപ്പിക്കുന്ന നവീന രീതികളും ഈ ബജറ്റിലുണ്ട്. വൈവിധ്യമാർന്ന ഉത്സവങ്ങളിലൂടെയുംജലോത്സവങ്ങളിലൂടെയുംവാഴക്കാടിനെഒരുവിനോദസഞ്ചാര കേന്ദ്രമായി ലോകഭൂപടത്തിൽ അടയാളപ്പെടുത്തും. ഒപ്പം തന്നെ നമ്മുടെ പ്രാദേശിക സംരംഭകരുടെ ഉൽപ്പന്നങ്ങളെ ഒരു പൊതു ബ്രാൻഡിന് കീഴിൽ കൊണ്ടുവന്ന് അവർക്ക് അർഹമായ വിപണന മൂല്യം ഉറപ്പാക്കാനും നാം ലക്ഷ്യമിടുന്നു. കൃഷി കേവലം ഉപജീവന മാർഗ്ഗമല്ല, മറിച്ച് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പച്ചക്കറി, നെൽകൃഷി മേഖലകളിൽ വൻതോതിലുള്ള നിക്ഷേപം നടത്തിക്കൊണ്ട് കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ ഈ ബജറ്റിലൂടെ സാധിക്കും.

ആരോഗ്യപൂർണ്ണമായ ഒരു ജനതയാണ് ഏതൊരു നാടിന്റെയും കരുത്ത്. വീട്ടുപടിക്കൽ എത്തുന്ന സൗജന്യ ആരോഗ്യ പരിശോധനകളും ചികിത്സാ സഹായങ്ങളും വഴി സമഗ്രമായ ആരോഗ്യ സുരക്ഷ നാം ഉറപ്പാക്കും. ശുചിത്വപൂർണ്ണമായ വാഴക്കാട് എന്ന ലക്ഷ്യത്തിനായി "എന്റെ നാട് നല്ലനാട്" എന്ന ജനകീയ യജ്ഞത്തിലൂടെ മാലിന്യസംസ്കരണത്തിന് ശാസ്ത്രീയമായ പരിഹാരം കാണും. പൂന്തോട്ട സമാനമായ ആധുനിക മാലിന്യ ശേഖരണ കേന്ദ്രങ്ങളും ഉറവിട മാലിന്യ സംസ്കരണവും ഇതിന്റെ ഭാഗമാണ്. കൂടാതെ, കാർബൺ ബഹിർഗമനം കുറച്ച് പ്രകൃതിയെ സംരക്ഷിക്കാനുള്ള വിപുലമായ വൃക്ഷവൽക്കരണ പദ്ധതികളും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

കായിക പ്രതിഭകളെ വളർത്തിയെടുക്കാനുള്ള അക്കാദമികൾ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമം, ഭവനരഹിതർക്കായി വാസയോഗ്യമായ വീടുകൾ, ആധുനിക സൗകര്യങ്ങളുള്ള പുതിയ ഓഫീസ് സമുച്ചയം, മികച്ച തെരുവ് വിളക്ക് സംവിധാനം എന്നിവയടങ്ങുന്ന പശ്ചാത്തല സൗകര്യ വികസനത്തിന് ഈ ബജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്. 2026-27 വർഷത്തെ ബജറ്റിൽ 34,22,13,771/- രൂപ വരുമാനവും, 30,42,76,423/- രൂപ ചെലവും പ്രതീക്ഷിക്കുന്നു. 3,79,37,348/- രൂപയുടെ നീക്കിയിരിപ്പാണ് കണക്കാക്കുന്നത്. വാഴക്കാടിന്റെ വികസനക്കുതിപ്പിന് കരുത്തേകുന്ന ഈ ബജറ്റ് രേഖ നിങ്ങളുടെ സജീവ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

വിനയപൂർവം,

**വി. ആരിഫ**

പ്രസിഡന്റ്

വാഴക്കാട് ഗ്രാമപഞ്ചായത്ത്

വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാപ്തിയുള്ള പര്യാപ്തമായ മാർഗങ്ങൾക്ക് ഭരണസമിതി രൂപം നൽകുന്നുണ്ട്.

ലഭ്യമായ വരുമാനത്തിന്റെ ഫലപ്രദവും സമയബന്ധിതവുമായ ഉപയോഗമാണ് ഒരു ഭരണസമിതിയുടെ ലക്ഷ്യമാവേണ്ടത്. വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ പ്രോജക്റ്റുകൾക്കായി നീക്കിവെക്കുന്ന തുക യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത കാരണത്താൽ തുടർ വർഷങ്ങളിലേക്കുള്ള സ്പില്ലോവർ പ്രോജക്ടുകൾ ആയി മാറുകയാണ് പല പ്രവർത്തികളും . തന്മൂലം വലിയ തോതിലുള്ള സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടാവുന്നുണ്ട്. ഇതിന് പരിഹാരമെന്നവണ്ണം പദ്ധതികളുടെ നടത്തിപ്പ് കാലാവധി മൂന്നുമാസമായി വെട്ടിച്ചുരുക്കുന്നതിനും നിശ്ചിത കാല പരിധിക്കുള്ളിൽ പ്രവർത്തി ഏറ്റെടുത്ത് നടത്താത്ത കരാറുകാരെ നിയമവിധേയമായി കരിമ്പട്ടികയിൽ ഉൾപ്പെടുത്തി അവർക്ക് വിലക്കേർപ്പെടുത്തുന്നതിനും തീരുമാനമുണ്ടാക്കും.

ജനക്ഷേമവും, ഗുണമേന്മയും, സത്യസന്ധതയും സംയോജിപ്പിച്ച് ഗ്രാമീണ വിശുദ്ധി കാത്തു സൂക്ഷിച്ച് കാലോചിതമായ നൂതന പദ്ധതികൾക്ക് മുൻഗണന നൽകി മുന്നോട്ട് പോകുന്നതിന് പ്രാപ്തമായ ചുവടുവെപ്പുകൾ ആണ് ഈ ഭരണസമിതിയുടേത്.

**കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്**

കൃഷി കേവലം വരുമാന മാർഗ്ഗമല്ല, അതൊരു സംസ്കാരത്തിന്റെ പ്രതീകമാണ്. പാടത്തിറങ്ങി പണിയെടുക്കുന്ന കർഷകന്റെ വിയർപ്പിന് മൂല്യം നൽകാൻ 50 ലക്ഷത്തിലധികം രൂപ കാർഷിക മേഖലയ്ക്കായി മാറ്റിവെക്കുന്നു.

**സമഗ്ര നെൽകൃഷി വികസനം:** നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനും ഉൽപ്പാദനക്ഷമത കൂട്ടാനും വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഇതിന്റെ ഭാഗമായി കൂലിച്ചെലവ് സബ്സിഡി നൽകാൻ തുക വകയിരുത്തിയിട്ടുണ്ട്.
**പുഞ്ച കൃഷി വ്യാപനം:** നമ്മുടെ പാടശേഖരങ്ങളിൽ പുഞ്ച കൃഷി വ്യാപനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കും.
**വാഴ കൃഷി വികസനം:** വാഴക്കാടിന്റെ സ്വന്തം വാഴ കൃഷി മേഖലയിൽ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുള്ള സഹായങ്ങൾ നൽകും.
**സൺഡേ മാർക്കറ്റ്:** കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വിൽക്കാൻ സൺഡേ മാർക്കറ്റുകൾ സജീവമാക്കും.

**ക്ഷീരമേഖലയിലെ കരുതൽ**

നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലായ ക്ഷീരകർഷകർക്ക് താങ്ങാവുക എന്നത് ഈ ഭരണസമിതിയുടെ ലക്ഷ്യമാണ്.
**പാൽ സബ്സിഡി:** ക്ഷീരകർഷകർ അളക്കുന്ന ഓരോ ലിറ്റർ പാലിനും അധിക ധനസഹായമായി സബ്സിഡി നൽകും.
**കാലിത്തീറ്റയും ധാതുലവണ മിശ്രിതവും:** കറവപ്പശുക്കൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റയും ആരോഗ്യ സംരക്ഷണത്തിനായി ധാതുലവണ മിശ്രിതവും (Mineral Mixture) വിതരണം ചെയ്യുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

**വനിതാ ശാക്തീകരണവും സ്വയം തൊഴിലും**

സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കാൻ വിപുലമായ പദ്ധതികൾ ബജറ്റിലുണ്ട്.

കുടുംബശ്രീ റിവോൾവിങ് ഫണ്ട്: വനിതാ ഗ്രൂപ്പുകൾക്ക് പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി കുടുംബശ്രീ വഴി റിവോൾവിങ് ഫണ്ട് ലഭ്യമാക്കും.

ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റ്: വനിതാ സംരംഭകർ നടത്തുന്ന ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്ക് പ്രോത്സാഹനമായി പ്രത്യേക സബ്‌സിഡി നൽകും.

പി.എസ്.സി കോച്ചിംഗ്: ഉദ്യോഗാർത്ഥികളായ വനിതകൾക്ക് സർക്കാർ ജോലികൾ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനായി സൗജന്യ പി.എസ്.സി കോച്ചിംഗ് സെന്ററുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കും.

യോഗ പരിശീലനം: വനിതകൾക്ക് യോഗ പരിശീലനം നൽകും.

**വിജ്ഞാനകേരളം - തൊഴിൽമേള**

നമ്മുടെ യുവതലമുറയുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ 'വിജ്ഞാനകേരളം' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ വിപുലമായ തൊഴിൽമേളകൾ സംഘടിപ്പിക്കും. പ്രാദേശികമായ തൊഴിൽ സാധ്യതകൾക്കൊപ്പം തന്നെ വലിയ കമ്പനികളെ കൂടി പങ്കടുപ്പിച്ചു കൊണ്ടുള്ള റിക്രൂട്ട്മെന്റ് ഡ്രൈവുകൾ ഇതിന്റെ ഭാഗമായി നടക്കും.

**ടൂറിസം വികസനം - സാമ്പത്തിക ഉന്നമനം**

പ്രകൃതിരമണീയത കൊണ്ട് അനുഗ്രഹീതമായ വാഴക്കാടിന്റെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ ഈ ബജറ്റിൽ പദ്ധതികളുണ്ട്. ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക അഭിവൃദ്ധി കൂടി ലക്ഷ്യം വെക്കുന്നു. ചാലിയാർ പുഴയുടെ തീരദേശത്ത് നിരവധി ടൂറിസം പദ്ധതികൾ സ്വകാര്യ പങ്കാളിത്തം കൂടി സാധ്യമാക്കി ആരംഭിക്കാൻ ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നു.

**മൺസൂൺ ടൂറിസം - ടൂറിസം ഫെസ്റ്റ്**

2026 ജൂൺ മുതൽ നവംബർ മാസങ്ങളിലായി മൺസൂൺ ടൂറിസം ഫെസ്റ്റ് നടത്തും. സീസണുകൾ ക്രമീകരിച്ച് വിനോദസഞ്ചാരികൾക്ക് ഹരം പകരാൻ ഉതകുന്ന മഴ നടത്തം, മലകയറ്റം, ജലോത്സവം, ആയുർവേദ ടൂറിസം, മീൻ കൊയ്ത്ത്, മഡ് ഫുട്ബോൾ, പാചക ടൂറിസം എന്നിവ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തും. വാഴക്കാടിന്റെ ചരിത്രശേഷിപ്പുകൾക്ക് പ്രാമുഖ്യം നൽകി മത-ആത്മീയ കേന്ദ്രങ്ങളിലെത്തുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കും.

**സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത**

നമ്മുടെ പഞ്ചായത്ത് പരിധിയിലെ മുഴുവൻ ജനങ്ങൾക്കും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കുന്നു. മുതിർന്ന പൗരന്മാർക്ക് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകും. ഡിജിറ്റൽ സാക്ഷരതയുടെ അപര്യാപ്തത മൂലം ഓൺലൈൻ തട്ടിപ്പുകൾക്കും മറ്റു വഞ്ചനകൾക്കും വിധേയരാവുന്നവർക്ക് രക്ഷാകവചം തീർക്കാനും; ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ ഗതിവേഗതയുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിനും പദ്ധതി വഴി സാധിക്കും.

**എന്റെ നാട് നല്ല നാട്: സമ്പൂർണ്ണ മാലിന്യനിർമാർജന യജ്ഞം**

വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കാനും, അടുക്കള മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചോ കമ്പോസ്റ്റിങ് സംവിധാനങ്ങൾ ഏർപ്പെടുത്തിയോ സംസ്കരിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിച്ച് തരംതിരിച്ച് ഫലവത്തായ വിധത്തിൽ സംസ്കരിക്കുന്നു. ഇതിനായി പുതിയ എം.സി.എഫ് (MCF) ആധുനിക സൗകര്യങ്ങളോടെ പൂന്തോട്ട സമാനമായ മോടിയോടെ സ്ഥാപിക്കും. ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ഉതകുന്ന വിധത്തിൽ വ്യാപക ബോധവൽക്കരണ പരിപാടികൾ നടത്തും. മാലിന്യമുക്ത വാഴക്കാട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, മാലിന്യ വേർതിരിവ്, കമ്പോസ്റ്റിംഗ്, പ്ലാസ്റ്റിക് വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകൾ, വിദ്യാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വാർഡുകൾ, ഹരിത കർമ്മ സേനാംഗങ്ങൾ എന്നിവർക്കായി വാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിക്കും.

### നവോദയ: A new era of education

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളാൽ സമ്പന്നമായ വാഴക്കാട്ടെ വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റം കൊണ്ടുവന്ന് അത്ഭുതകരമായ ലക്ഷ്യപ്രാപ്തി സാധ്യമാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ ക്ലാസ് റൂമുകളും ആധുനിക ഡിജിറ്റൽ സൗകര്യങ്ങളോടെ സജ്ജീകരിക്കുക, സ്കൂളുകളിൽ ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പഠനസംവിധാനങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും തയ്യാറാക്കുക, നിർമ്മിത ബുദ്ധി (AI) യുടെ അനന്തസാധ്യതകളെ ഗുണകരമായ വിധത്തിൽ ഉപയോഗപ്പെടുത്തുക എന്നിവ ലക്ഷ്യപ്രാപ്തിയിലേക്കുള്ള വിവിധ ഘട്ടങ്ങളാണ്. ഗ്രാമപഞ്ചായത്തിന് പുറമെ മറ്റു തദ്ദേശസ്ഥാപനങ്ങളുടെയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണം പദ്ധതി നടത്തിപ്പിൽ ഉറപ്പുവരുത്തും.

### സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതി

ഒരു ജനതയുടെ ഏറ്റവും വലിയ സമ്പത്ത് രോഗാതുരമല്ലാത്ത, പ്രസരിപ്പും ഉന്മേഷവും നിറഞ്ഞ ആരോഗ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ ഭവനങ്ങൾക്കും വർഷത്തിലൊരിക്കൽ സൗജന്യ ആരോഗ്യ പരിശോധനയും ആവശ്യമുള്ളവർക്ക് സൗജന്യ ചികിത്സയും ഉറപ്പാക്കും. പകർച്ചവ്യാധികളെ പ്രതിരോധിക്കാനും ജീവിതശൈലി രോഗങ്ങളെ ഇല്ലായ്മ ചെയ്യാനും ആരോഗ്യ ബോധവൽക്കരണ പരിപാടികൾ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2026-27 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഇതിനായി വലിയൊരു തുക നീക്കിവെക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ സാധിക്കും.

### ഡിജിറ്റൽ വർക്ക് സ്പേസ്

അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സൗകര്യങ്ങളുടെ കുറവ് മൂലം നേരിടുന്ന പ്രയാസങ്ങൾ മറികടക്കാൻ, ആധുനിക സൗകര്യങ്ങളോടെ സ്വതന്ത്രമായും സ്വസ്ഥമായും ജോലി ചെയ്യാൻ പ്രാപ്തമായ സൗകര്യങ്ങൾ (Co-working spaces) പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സജ്ജമാക്കും.

### ടേസ്റ്റി വാഴക്കാട്: The soul of tradition

വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികളിലായി ആവിഷ്കരിച്ച് നടപ്പാക്കിയ സംരംഭങ്ങളും കുടുംബശ്രീ വഴി പ്രവർത്തിക്കുന്ന ഉൽപാദകരുടെ ഉൽപ്പന്നങ്ങളും വിപണിയിലെത്തിക്കും. നിലവിൽ 40-ഓളം ചെറുകിട സംരംഭകർ നമ്മുടെ പഞ്ചായത്തിനകത്തുണ്ട്. കൂവപ്പൊടി മുതൽ കുന്തൽ ഫ്രൈ വരെ വിൽക്കുന്നവർ ഇതിലുണ്ട്. മായം കലരാത്ത, കലർപ്പില്ലാത്ത സ്വാദിഷ്ടമായ വിഭവങ്ങൾ ഒരുക്കുന്ന ഇവരിൽ പലർക്കും സ്വന്തമായ ബ്രാൻഡോ ആകർഷകമായ പേരോ ഇല്ലാത്തതിനാൽ

വിപണന മൂല്യം കുറവാണ്. ഇതിന് പരിഹാരമായി, തനതായ പാരമ്പര്യ രീതിയിൽ ഉത്പാദനം നടത്തുന്ന സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് 'ടേസ്റ്റി വാഴക്കാട്' എന്ന ബ്രാൻഡിന് കീഴിൽ വിപണനം നടത്തും.

**റൂറൽ സ്പോർട്സ് അക്കാദമി**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളെ കോർത്തിണക്കി ഒരു കോൺഫെഡറേഷൻ രൂപീകരിക്കും. ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങി സ്പോർട്സ് രംഗങ്ങളിലെ കുരുന്ന് പ്രതിഭകളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകാൻ റൂറൽ സ്പോർട്സ് അക്കാദമി വഴി പദ്ധതികൾ ആവിഷ്കരിക്കും.

**കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവേകുന്ന പദ്ധതികൾ**

കൃഷി കേവലം വരുമാനമാർഗ്ഗം മാത്രമല്ല, മനോഹരമായ ഒരു സംസ്കാരത്തിന്റെ പ്രതീകം കൂടിയാണ്. പാടത്തിറങ്ങി പണിയെടുക്കുന്ന കർഷകന്റെ വിയർപ്പിന് പതിന്മടങ്ങ് മൂല്യം ലഭിക്കാൻ പ്രാപ്തിയുള്ള പലവിധ പദ്ധതികൾ കാർഷിക മേഖലയ്ക്കായി ഒരുക്കിയിട്ടുണ്ട്. പച്ചക്കറി മേഖലയിൽ കൂട്ടുകൃഷിയും, നെൽകൃഷി രംഗത്തെ പുരോഗതിയും, കൃഷിയുൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങളും, സൺഡേ മാർക്കറ്റും ഉൾപ്പെടെ കാർഷിക മേഖലയ്ക്കായി ഒരു കോടിയിലധികം രൂപ വകയിരുത്തിയിട്ടുണ്ട്.

**പശ്ചാത്തല സൗകര്യ വികസനം**

ആറ് കോടിയിലധികം തുക വകയിരുത്തി പഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഹുമുഖ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പൈതൃക പാത പോലുള്ള ന്യൂജനറേഷൻ വികസന മാതൃകകൾക്ക് 5.64 കോടി നീക്കിവെച്ചിട്ടുണ്ട്.

**സാമൂഹ്യക്ഷേമം**

വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി മുൻഗണന നൽകുന്നതോടൊപ്പം അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനും അഗതി ക്ഷേമ പ്രവർത്തനങ്ങൾക്കും ആനുപാതികമായ തുക വകയിരുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വികസനം**

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ എന്ന നിലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര പുരോഗതി മുൻനിർത്തി വിവിധ പദ്ധതികൾക്കായി 2 കോടിയോളം തുക വകയിരുത്തുന്നു.

**പാർപ്പിടം**

ലൈഫ് മിഷൻ, പി.എം.എ.വൈ (PMAY) ഭവന പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നീക്കിവെക്കുന്നതോടൊപ്പം, നിലവിലുള്ള വീടുകൾ റിപ്പയർ ചെയ്ത് വാസയോഗ്യമാക്കാനുള്ള പദ്ധതിക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പുതിയ ഓഫീസ് സമുച്ചയം**

നിലവിലുള്ള ഓഫീസിന്റെയും ഓഡിറ്റോറിയത്തിന്റെയും സൗകര്യങ്ങൾ വിപുലീകരിക്കാനും, നിലവിലുള്ള ഓഫീസ് സമുച്ചയത്തോട് ചേർന്ന് പുതിയ അനുബന്ധ കെട്ടിടം സ്ഥാപിക്കുന്നതിനും ഒന്നരക്കോടി രൂപയോളം വകയിരുത്തിയിട്ടുണ്ട്.

**തെരുവ് വിളക്കുകൾ**

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ഉപയോഗശൂന്യമായവയുടെ അറ്റകുറ്റപ്പണികൾക്കുമായി പഞ്ചായത്തിന്റെ ചരിത്രത്തിൽ തന്നെ ഏറ്റവും കൂടുതൽ തുകയായ 10 ലക്ഷം രൂപ ഈ ഭരണസമിതി വകയിരുത്തിയിട്ടുണ്ട്.

**വരവ് - ചെലവ് സംഗ്രഹം**

72104421/- രൂപയുടെ പ്രാരംഭ ബാക്കിയോടെ അവതരിപ്പിക്കുന്ന ഈ ബജറ്റിൽ, വിവിധ നികുതികളും ഫണ്ടുകളും വഴി ആകെ 342213771/- രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ലഭ്യമാകുന്ന ഓരോ രൂപയും നാടിന്റെ വികസനത്തിനായി സുതാര്യമായി വിനിയോഗിക്കാൻ നാം ബാധ്യസ്ഥരാണ്.

**ഉപസംഹാരം**

ഈ ബജറ്റിലൂടെ നാം വിഭാവനം ചെയ്ത ഓരോ പദ്ധതിയും നമ്മുടെ നാടിന്റെ മാറ്റത്തിനുള്ള ചുവടുവെപ്പുകളാണ്. ഈ യാത്രയിൽ നാം ആരും ഒറ്റയ്ക്കല്ല, മറിച്ച് വാഴക്കാടിന്റെ പുരോഗതി ആഗ്രഹിക്കുന്ന ഒരു വലിയ ജനതയുടെ കൂട്ടായ പരിശ്രമമാണ് നമുക്ക് വേണ്ടത്. വിശ്വപ്രസിദ്ധ ഉർദു കവി അല്ലാമാ ഇഖ്ബാൽ പാടിയ മനോഹരമായ ഈ വരികൾ നമുക്ക് മാതൃകയാക്കാം:

"ഫർദ് ഖയാം റബ്ത്-ഇ-മില്ലത്ത് സെ ഹേ, തൻഹാ കുച്ച് നഹീൻ
മൗജ് ഹേ ദര്യ മേം ഔർ ബൈറൂൻ-ഇ-ദര്യ കുച്ച് നഹീൻ."
(വ്യക്തി എന്നത് സമൂഹത്തിന്റെ ഭാഗമാകുമ്പോഴാണ് പൂർണ്ണനാകുന്നത്, തനിച്ച് അയാൾക്ക് അസ്തിത്വമില്ല; തിരമാലകൾക്ക് സമുദ്രത്തിലുള്ളപ്പോഴാണ് ശക്തിയും ഭംഗിയുമുള്ളത്, സമുദ്രത്തിന് പുറത്ത് അതിന് നിലനിൽപ്പില്ല).

ഈ വരികൾ സൂചിപ്പിക്കുന്നത് പോലെ, ഭരണസമിതിയും ജനങ്ങളും ഒരേ മനസ്സോടെ നിന്നാൽ മാത്രമേ വികസനത്തിന്റെ ഈ തിരമാലകൾക്ക് നമ്മുടെ നാടിന്റെ തീരങ്ങളെ മാറ്റിമറിക്കാൻ സാധിക്കൂ. കക്ഷിരാഷ്ട്രീയ ഭേദമന്യേ, ഒരു പുതിയ വാഴക്കാടിനെ പടുത്തുയർത്താൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം. ഈ ബജറ്റ് രേഖ ഞാൻ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| 2026-27 BUDGET | |
|---|---|
| മുൻ ബാക്കി | 72104421 |
| വരവ് | 270109350 |
| ആകെ | 342213771 |
| ചിലവ് | 304276423 |
| നീക്കിയിരുപ്പ് | 37937348 |

**അഡ്വ. എം.കെ നൗഷാദ്**
വൈസ് പ്രസിഡന്റ്
വാഴക്കാട് ഗ്രാമപഞ്ചായത്ത്

# വാഴക്കാട് ഗ്രാമപഞ്ചായത്ത് 2026-2027 ബജറ്റ്

| ക്രമ നം | കോഡ് | ബജറ്റ് ഹെഡ് | 2025-2026 ബജറ്റ് | 2026-2027 ബജറ്റ് |
|---|---|---|---|---|
| | | ഓപ്പണിംഗ് ബാലൻസ് | 63505644 | 72104421 |
| | | റവന്യൂ റസീപ്റ്റ് -1 | | |
| | | **നികുതി വരുമാനം - 110** | | |
| 1 | 1100101 | പ്രോപ്പർട്ടി നികുതി (GENERAL) | 7900000 | 8690000 |
| 2 | 1101001 | തൊഴിൽ നികുതി - ജീവനക്കാർ | 3245000 | 3569500 |
| 3 | 1101002 | തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 1050000 | 1155000 |
| | | ആകെ നികുതി വരുമാനം | 12195000 | 13414500 |
| | | **ഫീസും ഉപയോക്തൃ നിരക്കുകളും - 140** | | |
| 4 | 1401101 | IFTEOS-നുള്ള ലൈസൻസ് ഫീസ് | 990000 | 1089000 |
| 5 | 1401106 | വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 500 | 550 |
| 6 | 1401201 | കെട്ടിട നിർമ്മാണ ഫീസ് | 4500000 | 4950000 |
| 7 | 1401204 | അധിക എഫ്എസ്ഐയ്ക്കുള്ള പെർമിറ്റ് ഫീസ് | 100 | 200 |
| 8 | 1401306 | രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 5000 | 5500 |
| 9 | 1401399 | മറ്റ് സർട്ടിഫിക്കറ്റുകൾക്കോ എക്സ്ട്രാക്റ്റുകൾക്കോ ഫീസ് | 240000 | 264000 |
| 10 | 1401701 | റെഗുലറൈസേഷൻ ഫീസ് | 1300000 | 1430000 |
| 11 | 1401801 | അപേക്ഷാ ഫീസ് | 1000 | 1100 |
| 12 | 1402001 | പിഴ പലിശ | 200000 | 220000 |
| 13 | 1402003 | മറ്റ് പിഴകളും പിഴകളും | 1100000 | 1210000 |
| 14 | 1402004 | കോമ്പൗണ്ടിംഗ് ഫീസ് | 50000 | 55000 |
| 15 | 1402005 | മാലിന്യം തള്ളിയാൽ പിഴ | 50000 | 55000 |
| 16 | 1404009 | തിരയൽ ഫീസ് | 2000 | 2200 |
| 17 | 1404010 | വാട്ടർ കണക്ഷൻ - ഉടമസ്ഥാവകാശ മാറ്റ ഫീസ് | 50000 | 55000 |
| 18 | 1404099 | മറ്റ് ഫീസുകൾ | 1700000 | 1870000 |
| 19 | 1405008 | ലൈബ്രറികളിൽ നിന്നുള്ള രസീതുകൾ | 10000 | 11000 |
| 20 | 1405022 | സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയ്ക്ക് ലഭിച്ച രസീതുകൾ | 15000 | 16500 |
| 21 | 1405099 | മറ്റ് ഉപയോക്തൃ നിരക്കുകൾ | 670000 | 737000 |
| | | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 10883600 | 11972050 |
| | | **വിൽപ്പന, വാടക നിരക്കുകൾ - 150** | | |
| 22 | 1501099 | മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള രസീതുകൾ | 150000 | 165000 |

| | | | | |
|---|---|---|---|---|
| 23 | 1501101 | ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള രസീതുകൾ | 225000 | 247500 |
| 24 | 1501202 | സ്ക്രാപ്പ് വിൽപ്പനയിൽ നിന്നുള്ളരസീതുകൾ | 45000 | 49500 |
| മൊത്തം വിൽപ്പന, വാടക നിരക്കുകൾ | | | 420000 | 462000 |
| **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160** | | | | |
| 25 | 1601010 | കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾ/തൊഴിലാളികൾക്കുള്ള പെൻഷൻ | 13401200 | 14741320 |
| 26 | 1601012 | കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾക്കുള്ള ഫണ്ട് - വിധവാ പെൻഷൻ | 17812300 | 19593530 |
| 27 | 1601013 | ട്രാൻസ്ഫർഡ് ഫംഗ്ഷനുകൾ/സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1899200 | 2089120 |
| 28 | 1601014 | ട്രാൻസ്ഫർഡ് ഫംഗ്ഷനുകൾ/സ്കീമുകൾക്കുള്ള ഫണ്ട് - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 9617300 | 10579030 |
| 29 | 1601016 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം - ട്രാൻസ്ഫർ ചെയ്ത പ്രവർത്തനങ്ങൾ/ പദ്ധതികൾക്കുള്ള ഫണ്ട് | 500000 | 550000 |
| 30 | 1601018 | കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾക്കുള്ള ഫണ്ട് - വാർദ്ധക്യ പെൻഷൻ | 32930500 | 36223550 |
| 31 | 1601023 | ജനറൽ പർപ്പസ് ഫണ്ട് | 24992000 | 30092000 |
| 32 | 1601080 | കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾക്കുള്ള ഫണ്ട് - സ്ത്രീ സുരക്ഷാ പദ്ധതി | 4527000 | 14400000 |
| ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | | | 105679500 | 128268550 |
| **നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം - 170** | | | | |
| 33 | 1701001 | നിക്ഷേപങ്ങളുടെ പലിശ | 75000 | 82500 |
| നിക്ഷേപങ്ങളിൽ നിന്നുള്ള ആകെ വരുമാനം | | | 75000 | 82500 |
| **നേടിയ പലിശ - 171** | | | | |
| 34 | 1711001 | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 675000 | 742500 |
| ആകെ ലഭിച്ച പലിശ | | | 675000 | 742500 |

| | | | | |
|---|---|---|---|---|
| **വാടക വരുമാനം - എൽബി പ്രോപ്പർട്ടീസ് -130** | | | | |
| 35 | 1301005 | കോൺഫറൻസ് ഹാളിൽ നിന്ന് വാടക | 1500 | 742500 |
| 36 | 1302003 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക രൂപ | 1000000 | 1100000 |
| 37 | 1308099 | മറ്റ് വാടകകൾ | 7000 | 0 |
| ആകെ വാടക വരുമാനം | | | 1008500 | 1842500 |
| ആകെ വരുമാന രസീത് | | | 130936600 | 156784600 |
| ക്യാപ്പിറ്റൽ റസീപ്റ്റ്- 2 | | | | |
| **പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള ഗ്രാന്റുകൾ, സംഭാവന - 320** | | | | |
| 38 | 3201004 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 5718000 | 0 |
| 39 | 3201005 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അഴിച്ചുമാറ്റി | 3812000 | 0 |
| 40 | 3201020 | സംയോജിത ശിശു വികസന സേവനം | 1547429 | 0 |
| 41 | 3201044 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) | 28438636 | 30414750 |
| 42 | 3202001 | വികസന ഫണ്ട് - പൊതുവായത് | 26817000 | 38617000 |
| 43 | 3202002 | വികസന ഫണ്ട് - പ്രത്യേക ഘടക പദ്ധതി | 11402000 | 11704000 |
| 44 | 3202003 | വികസന ഫണ്ട് - ആദിവാസി ഉപപദ്ധതി | 154901 | 167000 |
| 45 | 3202009 | മെയിന്റനൻസ് ഫണ്ട് - റോഡ് ആസ്തികൾ | 19580437 | 18406000 |
| 46 | 3202010 | മെയിന്റനൻസ് ഫണ്ട് - റോഡ് ഇതര ആസ്തികൾ | 10934872 | 10022000 |
| 47 | 3202021 | ഗ്രാന്റുകൾ, ഫണ്ടുകൾ & സംഭാവനകൾ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി - വികസന ഫണ്ടും സംസ്ഥാന സ്പോൺസർ ചെയ്ത സ്കീം ഫണ്ടുകളും ഒഴികെ - ലൈഫ് മിഷൻ | 8858258 | 0 |
| 48 | 3208010 | ഗുണഭോക്തൃ സംഭാവന | 224999 | 0 |
| 49 | 3209001 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികൾക്കുള്ള സംഭാവന | 4123281 | 0 |
| 50 | 3209002 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സംയുക്ത സംരംഭ പദ്ധതികൾക്കുള്ള സംഭാവന | 6118483 | 0 |
| ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവന | | | 127730296 | 109330750 |
| **സുരക്ഷിത വായ്പകൾ - 330** | | | | |
| 51 | | കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നുള്ള വായ്പ | 22910000 | 0 |
| ആകെ സുരക്ഷിത വായ്പകൾ | | | 22910000 | 0 |
| **അൺസെക്യുവേർഡ് ലോണുകൾ - 331** | | | | |
| 52 | 3318001 | മറ്റ് വായ്പകൾ | 65172 | 0 |

| | | | | |
|---|---|---|---|---|
| ആകെ അൺസെക്യൂവേർഡ് വായ്പകൾ | | | 65172 | 0 |
| **ലഭിച്ച നിക്ഷേപങ്ങൾ - 340** | | | | |
| 53 | 3401001 | ഏണസ്റ്റ് മണി ഡെപ്പോസിറ്റ് | 30000 | 0 |
| 54 | 3402001 | വാടക നിക്ഷേപം | 3733301 | 0 |
| ലഭിച്ച ആകെ നിക്ഷേപങ്ങൾ | | | 3763301 | 0 |
| **മറ്റ് ബാധ്യതകൾ - 350** | | | | |
| 55 | 3501301 | തൊഴിലുടമ ബാധ്യതകൾ - പെൻഷൻ സംഭാവന (NPS) | 23509 | 0 |
| 56 | 3502001 | റിക്കവറികൾ അടയ്ക്കേണ്ടത് - ജനറൽ പ്രൊവിഡന്റ് ഫണ്ട് | 10000 | 0 |
| 57 | 3502002 | റിക്കവറികൾ നൽകേണ്ടത് - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് | 97160 | 0 |
| 58 | 3502006 | റിക്കവറികൾ അടയ്ക്കണം - ഇൻഷുറൻസ് പ്രീമിയം | 5193 | 0 |
| 59 | 3502008 | റിക്കവറികൾ നൽകേണ്ടത് - സഹകരണ റിക്കവറി | 7880 | 0 |
| 60 | 3502012 | റിക്കവറികൾ അടയ്ക്കേണ്ടത് - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 13025 | 0 |
| 61 | 3502014 | റിക്കവറികൾ നൽകേണ്ടത് - ഗ്രൂപ്പ് ഇൻഷുറൻസ് | 10300 | 0 |
| 62 | 3502018 | റിക്കവറികൾ അടയ്ക്കേണ്ടത്-ഓഡിറ്റ് റിക്കവറി | 640000 | 0 |
| 63 | 3502020 | റിക്കവറികൾ നൽകേണ്ടത് - ജീവനക്കാരുടെ വിഹിതം NPS | 23509 | 0 |
| 64 | 3502022 | റിക്കവറികൾ അടയ്ക്കേണ്ടത് -മെഡിസെപ് - റെഗുലർ | 7000 | 0 |
| 65 | 3502025 | റിക്കവറികൾ അടയ്ക്കണം - സ്രോതസ്സിൽ നിന്ന് ആദായനികുതി കുറയ്ക്കുന്നു | 37662 | 0 |
| 66 | 3502026 | റിക്കവറികൾ നൽകേണ്ടത് - കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 37662 | 0 |
| 67 | 3502028 | റിക്കവറികൾ നൽകേണ്ടത് - മറ്റ് റിക്കവറികൾ | 6779070 | 0 |
| 68 | 3502030 | റിക്കവറികൾ നൽകേണ്ടതാണ് - വീട് നിർമ്മാണ അഡ്വാൻസ് | 5000 | 0 |
| 69 | 3502035 | തിരിച്ചടവുകൾ നൽകേണ്ടത് - പിഎഫ് വായ്പ തിരിച്ചടവ് - ജിപിഎഫ് | 13890 | 0 |
| 70 | 3503001 | സർക്കാർ, അടയ്ക്കേണ്ട മറ്റ് കുടിശ്ശികകൾ - അടയ്ക്കേണ്ട ലൈബ്രറി സെസ് | 1324196 | 0 |
| 71 | 3503005 | സർക്കാരും മറ്റ് അടയ്ക്കേണ്ട കുടിശ്ശികകളും- TDS - CGST | 37675 | 0 |

| | | | | |
|---|---|---|---|---|
| 72 | 3503006 | സർക്കാരും മറ്റ് അടയ്ക്കേണ്ട കുടിശ്ശികകളും- TDS - SGST | 37675 | 0 |
| 73 | 3503008 | സർക്കാരും മറ്റ് അടയ്ക്കേണ്ട കുടിശ്ശികകളും - CGST | 46351 | 0 |
| 74 | 3503009 | സർക്കാരും മറ്റ് അടയ്ക്കേണ്ട കുടിശ്ശികകളും - SGST | 100000 | 0 |
| ആകെ മറ്റ് ബാധ്യതകൾ | | | 9256757 | 0 |
| **റിഡംപ്ഷൻ - 431** | | | | |
| 75 | 4315002 | സർക്കാരിൽ നിന്ന് ലഭിക്കേണ്ട തുക (വീണ്ടെടുക്കൽ തുക) | 13360505 | 0 |
| ടോട്ടൽ റിഡംപ്ഷൻ - 431 | | | 13360505 | 0 |
| **വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ - 460** | | | | |
| 76 | 4601001 | ജീവനക്കാർക്കുള്ള ഉത്സവകാല അഡ്വാൻസ് | 76000 | 90000 |
| 77 | 4601099 | മറ്റ് വായ്പകളും മുൻകൂർ വായ്പകളും | 76000 | 83600 |
| 78 | 4605003 | നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ | 0 | 200000 |
| 79 | 4605005 | മഹാത്മാഗാന്ധി NREGS/ AUEGS ലേക്കുള്ള അഡ്വാൻസ് | 3291184 | 3620400 |
| ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | | | 3443184 | 3994000 |
| ആകെ മൂലധന രസീത് | | | 180529215 | 113324750 |
| റവന്യൂ ചെലവ് - 3 | | | | |
| **സ്ഥാപന ചെലവുകൾ - 210** | | | | |
| 80 | 2101001 | ശമ്പളം - സെക്രട്ടറി | 1750000 | 2000000 |
| 81 | 2101003 | ശമ്പളം - സ്ഥിരം ജീവനക്കാർ | 8700000 | 10595033 |
| 82 | 2101004 | ശമ്പളം - കരാർ ജീവനക്കാർ | 900000 | 990000 |
| 83 | 2101007 | ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് സ്റ്റാഫ് | 2100000 | 2310000 |
| 84 | 2101101 | വേതനം | 2000000 | 2200000 |
| 85 | 2101201 | ബോണസ് | 150000 | 0 |
| 86 | 2101401 | ഓണറേറിയം | 200000 | 220000 |
| 87 | 2102001 | യാത്രാ അലവൻസുകൾ - സെക്രട്ടറി | 20000 | 22000 |
| 88 | 2102003 | യാത്രാ അലവൻസുകൾ - സ്ഥിരം ജീവനക്കാർ | 250000 | 275000 |
| 89 | 2102004 | യാത്രാ അലവൻസുകൾ - താൽക്കാലിക ജീവനക്കാർ | 50000 | 55000 |
| 90 | 2102005 | യാത്രാ അലവൻസുകൾ - കണ്ടിജന്റ് സ്റ്റാഫ് | 10000 | 11000 |
| 91 | 2102006 | മറ്റ് അലവൻസുകൾ - സെക്രട്ടറി | 35000 | 38500 |
| 92 | 2102008 | മറ്റ് അലവൻസുകൾ - സ്ഥിരം ജീവനക്കാർ | 50000 | 55000 |

| | | | | |
|---|---|---|---|---|
| 93 | 2102009 | മറ്റ് അലവൻസുകൾ - താൽക്കാലിക ജീവനക്കാർ | 15000 | 16500 |
| 94 | 2102010 | മറ്റ് അലവൻസുകൾ - കണ്ടിജന്റ് സ്റ്റാഫ് | 200000 | 220000 |
| 95 | 2102014 | പ്രതിമാസ ഓണറേറിയവും സിറ്റിംഗ് അലവൻസും - കൗൺസിലർമാർ/ അംഗങ്ങൾ | 2880000 | 3300000 |
| 96 | 2102016 | മറ്റ് ആനുകൂല്യങ്ങളും അലവൻസുകളും | 1 | 100 |
| 97 | 2102019 | ചെയർപേഴ്സൺ/ പ്രസിഡന്റ്, ഡെപ്യൂട്ടി ചെയർപേഴ്സൺ/ വൈസ് പ്രസിഡന്റ്, ചെയർപേഴ്സൺ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാ ചെലവ് | 150000 | 200000 |
| 98 | 2103001 | പെൻഷൻ ഫണ്ടിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - സ്ഥിരം ജീവനക്കാർ | 540000 | 700000 |
| 99 | 2103002 | പെൻഷൻ ഫണ്ടിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - കണ്ടിജന്റ് ജീവനക്കാർ | 200000 | 220000 |
| 100 | 2103006 | എൻപിഎസിലേക്കുള്ള തൊഴിലുടമയുടെ സംഭാവന - സ്ഥിരം ജീവനക്കാർ | 580000 | 700000 |
| 101 | 2104001 | ടെർമിനൽ ലീവ് സറണ്ടർ | 633431 | 700000 |
| | | ആകെ സ്ഥാപന ചെലവുകൾ | 21413432 | 24828133 |
| | | **ഭരണ ചെലവുകൾ - 220** | | |
| 102 | 2201001 | കെട്ടിടങ്ങളുടെ വാടക | 20000 | 22000 |
| 103 | 2201002 | ഭൂനികുതി/ അടിസ്ഥാന നികുതി | 12500 | 13750 |
| 104 | 2201003 | മറ്റ് നികുതികൾ/ചുമതലകൾ | 1500 | 1650 |
| 105 | 2201101 | ഓഫീസ് വൈദ്യുതി ചെലവുകൾ | 100000 | 110000 |
| 106 | 2201199 | ഓഫീസ് അറ്റകുറ്റപ്പണികളുടെ മറ്റ് ചെലവുകൾ | 100000 | 110000 |
| 107 | 2201201 | ടെലിഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 125000 | 137500 |
| 108 | 2201202 | തപാൽ ചെലവുകൾ | 125000 | 125000 |
| 109 | 2202101 | പ്രിന്റിംഗ് & സ്റ്റേഷനറി | 450000 | 495000 |
| 110 | 2205101 | വിവിധ നിയമപരമായ ചെലവുകൾ | 200000 | 0 |
| 111 | 2205201 | പ്രൊഫഷണൽ & മറ്റ് ഫീസ് | 20000 | 22000 |
| 112 | 2206099 | മറ്റ് പരസ്യ പബ്ലിസിറ്റി ചാർജുകൾ | 47500 | 52250 |
| 113 | 2208099 | അംഗത്വവും സബ്സ്ക്രിപ്ഷനുകളും | 27500 | 30250 |
| 114 | 2208099 | വിവിധ ഭരണ ചെലവുകൾ | 400000 | 440000 |
| | | ആകെ ഭരണ ചെലവുകൾ | 1629000 | 1559400 |
| | | **പ്രവർത്തനവും പരിപാലനവും -230** | | |
| 115 | 2301001 | തെരുവുവിളക്കുകൾക്കുള്ള വൈദ്യുതി ചാർജ് | 1000000 | 1100000 |
| 116 | 2301002 | ഇന്ധന നിരക്കുകൾ | 275000 | 302500 |
| 117 | 2301003 | എൽബിയിലെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജുകൾ | 100000 | 110000 |

| | | | | |
|---|---|---|---|---|
| 118 | 2301004 | ശ്മശാനത്തിനുള്ള വൈദ്യുതി ചാർജുകൾ | 5000 | 5500 |
| 119 | 2301006 | കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ചാർജുകൾ | 95000 | 104500 |
| 120 | 2304099 | മറ്റ് വാടക നിരക്കുകൾ | 18000 | 20000 |
| 121 | 2305001 | അറ്റകുറ്റപ്പണികളും പരിപാലനവും - റോഡുകളും നടപ്പാതകളും | 150000 | 0 |
| 122 | 2305301 | അറ്റകുറ്റപ്പണികളും പരിപാലനവും - വാഹനങ്ങൾ | 160000 | 0 |
| 123 | 2305902 | അറ്റകുറ്റപ്പണികളും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 100000 | 110000 |
| 124 | 2305909 | മറ്റ് അറ്റകുറ്റപ്പണികളും പരിപാലനവും | 25000 | 27500 |
| 125 | 2308003 | അവകാശപ്പെടാത്ത മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനുള്ള ചെലവുകൾ | 50000 | 55000 |
| 126 | 2308009 | വാഹനങ്ങളുടെ രജിസ്ട്രേഷൻ | 27500 | 30250 |
| 127 | 2308010 | അധിക - സാധാരണ ചെലവുകൾ | 10000 | 11000 |
| 128 | 2308013 | ശുചിത്വ ചെലവുകൾ | 315000 | 346500 |
| 129 | 2308015 | കാട്ടുപന്നികളുടെ നാശത്തിനും മറ്റും വേണ്ടിവരുന്ന ചെലവുകൾ | 0 | 250000 |
| 130 | 2308099 | മറ്റ് പ്രവർത്തന, പരിപാലന ചെലവുകൾ | 50000 | 55000 |
| 131 | 2308201 | റിഫ്രഷ്മെന്റ് ചാർജുകൾ | 165000 | 1815000 |
| | 2407001 | മൊത്തം പ്രവർത്തനവും പരിപാലനവും | 2545500 | 4342750 |
| **പലിശയും ധനകാര്യ ചാർജുകളും -40** | | | | |
| 132 | | ബാങ്ക് ചാർജുകൾ | 1250 | 1500 |
| 133 | 2408001 | മറ്റ് സാമ്പത്തിക ചെലവുകൾ | 200000 | 220000 |
| ആകെ പലിശയും ധനകാര്യ ചാർജുകളും | | | 201250 | 221500 |
| **പ്രോഗ്രാം ചെലവുകൾ - 250** | | | | |
| 134 | 2501001 | തിരഞ്ഞെടുപ്പ് ചെലവുകൾ | 150000 | 100000 |
| 135 | 2502001 | ദാരിദ്ര്യ നിർമാർജന പരിപാടിയുടെ ചെലവ് | 21294216 | 22140000 |
| ആകെ പ്രോഗ്രാം ചെലവുകൾ | | | 21444216 | 22240000 |
| **ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251** | | | | |
| 136 | 2510101 | കൃഷി - നെല്ല് | 1251800 | 0 |
| 137 | 2510105 | കൃഷി - പ്ലെയിൻറ്റെയ്ൻ | 1000000 | 0 |
| 138 | 2510107 | കൃഷി - പഴങ്ങളും ഫലവൃക്ഷങ്ങളും | 266600 | 0 |
| 139 | 2510124 | കൃഷി - ഇടവിള കൃഷി | 195500 | 0 |
| 140 | 2510132 | കൃഷി അനുബന്ധ സൗകര്യങ്ങൾ | 509135 | 0 |
| 141 | 2510201 | മൃഗസംരക്ഷണം - പശു | 2292918 | 0 |
| 142 | 2510204 | മൃഗസംരക്ഷണം - കന്നുകുട്ടി | 860000 | 0 |
| 143 | 2510205 | മൃഗസംരക്ഷണം - കോഴി വളർത്തൽ | 649750 | 0 |

| | | | | |
|---|---|---|---|---|
| 144 | 2510209 | മൃഗസംരക്ഷണം - അടിസ്ഥാന സൗകര്യങ്ങൾ | 1415400 | 0 |
| 145 | 2510210 | മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 50000 | 0 |
| 146 | 2510215 | മൃഗങ്ങളുടെ സംരക്ഷണം | 201730 | 0 |
| 147 | 2510305 | ക്ഷീര വികസനം - പാൽ പ്രോത്സാഹനങ്ങൾ | 350000 | 0 |
| 148 | 2510501 | മൈനർ ഇറിഗേഷൻ | 200000 | 0 |
| 149 | 2510804 | പരിസ്ഥിതി സംരക്ഷണം | 75000 | 0 |
| 150 | 2511301 | സ്വയം തൊഴിൽ, മാർക്കറ്റിംഗ് പ്രമോഷൻ | 809000 | 0 |
